**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1593** | **13-02-2025 - ൽ മറുപടിയ്ക്ക്**

**പുല്ലമ്പാറ കൃഷിഭവനെ സ്മാർട്ട് കൃഷിഭവനാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | വാമനപുരം മണ്ഡലത്തിലെ പുല്ലമ്പാറ കൃഷിഭവനെ സ്മാർട്ട് കൃഷിഭവനാക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എന്തെല്ലാം പ്രവർത്തനങ്ങൾ ഇതിനോടകം ആരംഭിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ; | (എ) | പുല്ലമ്പാറ കൃഷിഭവനെ സ്മാർട്ട് കൃഷിഭവൻ പദ്ധതിയിൽ നിലവിൽ ഉൾപ്പെടുത്തിയിട്ടില്ല. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഘട്ടം ഘട്ടമായി സംസ്ഥാനത്തെ എല്ലാ കൃഷിഭവനെയും സ്മാർട്ട് കൃഷിഭവനാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | എന്തെല്ലാം പ്രത്യേകതകളാണ് സാധാരണ കൃഷിഭവനുകളെ അപേക്ഷിച്ച് സ്മാർട്ട് കൃഷിഭവനുകളിൽ ഉള്ളതെന്ന് വിശദമാക്കുമോ; | (ബി) | ഇൻഫർമേഷൻ സെന്റർ ഉൾപ്പെടെയുള്ള ഫ്രണ്ട് ഓഫീസ്, കാത്തിരിപ്പ് മുറി, നവീകരിച്ച പ്ലാന്റ് ഹെൽത്ത് ക്ലിനിക്ക്, IT ഇൻഫ്രാസ്ട്രക്ചർ എന്നിവ ഉൾപ്പെടുന്ന നവീകരിച്ച അടിസ്ഥാന സൗകര്യങ്ങളോട്ടു കൂടിയവയായിരിക്കും സ്മാർട്ട് കൃഷി ഭവനുകൾ. ഡിജിറ്റൽ രൂപത്തിലുള്ള പഞ്ചായത്തിന്റെ ഭൂവിഭവ മാപ്പ്, കൃഷി ഭവനിലെ ഡേറ്റകൾ ഡിജിറ്റലൈസ് ചെയ്യുക, കൃഷി ഭവൻ മുഖേന നടപ്പിലാക്കുന്ന പരിപാടികൾ മുതലായ വിവരങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നതിനായി എൽ.ഇ.ഡി. ഡിസ്പ്ലേ ബോർഡ്, പ്രൊജക്ടർ, പൊതുജനങ്ങളുമായി ആശയവിനിമയത്തിനായി ടെലിവിഷൻ, ഇന്റർനെറ്റ്, കൃഷി സംബന്ധമായ വായനയ്ക്കുള്ള പുസ്തകങ്ങൾ എന്നിവയാണ് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന സൗകര്യങ്ങളായി ലക്ഷ്യമിട്ടിരിക്കുന്നത്. ഇപ്രകാരം കൃഷിഭവന്റെ പ്രവർത്തനം പൂർണ്ണമായി ഡിജിറ്റലൈസ് ചെയ്യുകയും ഉദ്യോഗസ്ഥരുടെ സേവനം പൂർണ്ണമായും കൃഷിയിടത്തിൽ ലഭ്യമാക്കാനും ലക്ഷ്യമിട്ടിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് എവിടെയെല്ലാമാണ് സ്മാർട്ട് കൃഷിഭവനുകൾ ഇതിനോടകം ആരംഭിച്ചിട്ടുള്ളതെന്ന് മണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കുമോ? | (സി) | സംസ്ഥാനത്ത് ഇതുവരെ പ്രവർത്തനം ആരംഭിച്ച സ്മാർട്ട് കൃഷിഭവനുകളുടെ വിവരം മണ്ഡലാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു. |

| **ക്രമ നമ്പർ** | **കൃഷിഭവന്റെ പേര്** | **നിയോജക മണ്ഡലം** |
|---|---|---|
| 1 | അരുവാപ്പലം | കോന്നി |
| 2 | നീണ്ടൂർ | ഏറ്റുമാനൂർ |
| 3 | കൊട്ടുവള്ളി | പറവൂർ |

| | | |
|---|---|---|
| 4 | തൊണ്ടർനാട് | മാനന്തവാടി |
| 5 | ചെറുതാഴം | കല്യാശ്ശേരി |
| 6 | കരകുളം | നെടുമങ്ങാട് |

സെക്ഷൻ ഓഫീസർ